ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം വഞ്ചിയർ വില്ലേജിലെ 2638-ാം സർവേ നമ്പരിൽ 61 സെന്റ് റവന്യൂ പുറമ്പോക്ക് സ്ഥലത്താണ് ഇ.എം.എസ് പ്രതിമ സ്ഥാപിക്കുന്നത്.

(ബി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

28 (2329) അനാഥർക്ക് സംവരണം നൽകാൻ നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനാഥാലയങ്ങളിലെ അന്തേവാസികളായിട്ടുള്ള വർക്ക് ഉദ്യോഗ നിയമനങ്ങളിൽ സംവരണമെന്തെങ്കിലും നിലവിലുണ്ടോ;

(ബി) അവരുടെ സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്താറുണ്ടോ;

(സി) ഭൂരിഭാഗം അന്തേവാസികളുടെ കാര്യത്തിലും ജാതി അറിവില്ലാ ത്തതിനാൽ സർട്ടിഫിക്കറ്റുകളിൽ ആ കോളം പൂരിപ്പിക്കാറില്ലെന്ന കാര്യം അറിവുണ്ടോ;

(ഡി) ഇതുകാരണം ന്യായമായ സംവരണാനുകൂല്യംപോലും ഭൂരിഭാ ഗത്തിനും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വികലാംഗർക്ക് നൽകുന്നതുപോലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉദ്യോഗ നിയമനങ്ങളിലും ഇവർക്കും ന്യായമായ സംവ രണം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനാഥാലയങ്ങളിലെ കുട്ടികൾ മറ്റു വിധത്തിൽ യോഗ്യരാണെ ങ്കിൽ വയസ്സിളവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമന ത്തിന് മുൻഗണനയും നൽകുന്നുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരം നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

29 (2330) ശ്രീ. കെ.എം. കണാരന് സ്വാതന്ത്ര്യസമര സേനാനി പെൻഷൻ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമര സേനാനി പെൻഷനുവേണ്ടി കോഴിക്കോട്, മേപ്പയൂർ, കാരയാട്, കുറ്റിക്കണ്ടിയിത്തൻ ശ്രീ. കെ.എം. കണാരന്റെ അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ അപേക്ഷ ലഭിച്ചിട്ടുള്ളത്;

(സി) ഈ അപേക്ഷയിൻമേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടു ള്ളത് എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1-9-1999-ൽ.

(സി) അപേക്ഷ തുടർനടപടിക്കായി 4-9-99-ന് കോഴിക്കോട് ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിരിക്കുകയാണ്.

30 (2331) കമ്പ്യൂട്ടർവൽക്കരിച്ച ഓഫീസുകൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ഓഫീസുകളിലാണ് കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിലെല്ലാംകൂടി ആകെ എത്ര കമ്പ്യൂട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിനെല്ലാം കൂടി ആകെ എന്തു തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പ്യൂട്ടറുകൾ സ്ഥാപിച്ചതുവഴി എത്ര ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കാൻ കഴിഞ്ഞുവെന്നും എത്ര പേർക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

31 (2332) ആവിഷ്ക്കാര സ്വാതന്ത്ര്യം നിഷേധിച്ച നടപടി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവിഷ്ക്കാര സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടായിരിക്കണമെന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ നയം എന്താണ്;

(ബി) ആർക്കെങ്കിലും ആവിഷ്ക്കാരസ്വാതന്ത്ര്യം നിഷേധിച്ചതായി എന്തെങ്കിലും പരാതി ഈ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ജീവനക്കാർക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടോ;

(ഇ) ട്രഷറി ജീവനക്കാരനായ ശ്രീ മൂലനഗരം മോഹൻ നാടകം എഴുതിയതിന്റെ പേരിൽ നോട്ടീസ് അയച്ചിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് നോട്ടീസ് അയച്ചത് എന്ന് വ്യക്തമാക്കുമോ;

(ജി) ഗവൺമെന്റ് ജീവനക്കാർക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം നിഷേധിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly